**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1195** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>പാറശാല നിയോജക മണ്ഡലത്തിലെ കാർഷിക പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** പാറശാല മണ്ഡലത്തിൽ നെൽകൃഷി വികസനം, പച്ചക്കറി കൃഷി പ്രോത്സാഹനം എന്നിവയ്ക്കായി നടപ്പിലാക്കിയ പ്രത്യേക പദ്ധതികൾ ഏതെല്ലാമാണ്; പ്രസ്തുത പദ്ധതി ആനുകൂല്യം എത്ര കർഷകർക്ക് ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ;

**<u>മറുപടി:</u> പാറശാല മണ്ഡലത്തിൽ നെൽകൃഷി വികസനം, പച്ചക്കറി കൃഷി പ്രോത്സാഹനം എന്നിവയ്ക്കായി നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നും തന്നെ ഇല്ല.**

**എന്നാൽ തിരുവനന്തപുരം ജില്ലയിൽ മുഴുവൻ നടപ്പിലാക്കിയ നെൽകൃഷി വികസനം, പച്ചക്കറി കൃഷി വികസനം തുടങ്ങിയ സംസ്ഥാനപദ്ധതികൾ മുഖാന്തരം ആനുകൂല്യം ലഭ്യമായ കർഷകരുടെ എണ്ണം യഥാക്രമം 59 ഉം 8463 ഉം ആണ്.**

**(ബി)** പ്രസ്തുത മണ്ഡലത്തിൽ കൃഷിഭവനുകൾ വഴി നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതികളുടെയും സംസ്ഥാന പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത മണ്ഡലത്തിൽ കൃഷിഭവനുകൾ വഴി നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതികളുടെയും സംസ്ഥാന പദ്ധതികളുടെയും വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു.

**(സി)** പാറശാല മണ്ഡലത്തിലെ ഏതൊക്കെ കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളായി അപ്ഗ്രേഡ് ചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ളത് എന്നുള്ള വിവരം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** പാറശ്ശാല കൃഷി ഭവൻ, പെരുങ്കടവിള കൃഷി ഭവൻ എന്നീ കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളായി അപ്ഗ്രേഡ് ചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ളത്.

**(ഡി)** പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് കർഷകർക്ക് അധികമായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യ വികസനം, നൂതന കൃഷി അറിവുകൾ പങ്കുവയ്ക്കൽ, കാർഷിക ക്ലിനിക്കിന്റെ പ്രയോജനം മെച്ചപ്പെടുത്തുക, യുവകർഷകരെയും പുതിയ കർഷകരെയും സ്വയം പര്യാപ്തരാക്കുക തുടങ്ങിയ നേട്ടങ്ങളാണ് കർഷകർക്ക് അധികമായി ലഭിക്കുന്നത്.

**(ഇ)** പാറശാല മണ്ഡലത്തിലെ ആര്യൻകോട് കേന്ദ്രമാക്കി അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രോപ്പോസലിന്റെ തൽസ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് ഡി.പി.ആർ. തയാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന വിശദാംശം അറിയിക്കാമോ?

**മറുപടി:** പാറശാല മണ്ഡലത്തിലെ ആര്യൻകോട് കേന്ദ്രമാക്കി അഗ്രോ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകളൊന്നും നിലവിൽ ലഭിച്ചിട്ടില്ല. അതിനാൽ അതിന്മേൽ ഡിപിആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

എന്നാൽ ആര്യൻകോട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് കേന്ദ്രീകരിച്ച് ഫാർമർ ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണത്തിനായി 2 കോടി രൂപ പദ്ധതിയുടെ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ബഹു: സി.കെ. ഹരീന്ദ്രൻ എം.എൽ.എ. കൃഷി വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾക്കായി കൃഷി ഡയറക്ടർ, ADFW / 9495 / 2021 / TP2 തീയതി 14/12/2021 കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ ബിൽഡിംഗ്സ് പൊതു മരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**കൃഷിഭവനുകൾ വഴി നടപ്പിലാക്കിയ സംസ്ഥാന പദ്ധതികളുടെയും ജനകീയാസൂത്രണ പദ്ധതികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

**1. സംസ്ഥാന പദ്ധതികൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | നെല്ല് വികസനം | 3.3319 | 3.3319 | 59 |
| 2 | പച്ചക്കറി വികസനം | 16.57396 | 16.57396 | 8463 |
| 3 | നാളികേര വികസനം | 2.04852 | 2.04852 | 198 |
| 4 | സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം | 2.77795 | 2.77795 | 132 |
| 5 | പഴങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം | 2.48283 | 2.48283 | 74 |
| 6 | മണ്ണിന്റേയും വേരിന്റേയും ആരോഗ്യ പരിപാലനവും ഉത്പാദനക്ഷമത മെച്ചപ്പെടുത്തലും | 4.45 | 4.45 | 169 |
| 7 | വിള ആരോഗ്യപരിപാലനം | 3.67679 | 3.67679 | 23 |
| 8 | ജൈവകൃഷിയും നല്ല കാർഷിക രീതികളും | 0.95 | 0.95 | 19 |
| 9 | ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും | 0 | 0 | 0 |
| 10 | വകുപ്പുതല ലബോറട്ടറികളുടെ നവീകരണം | 0.04452 | 0.04452 | 1 |
| 11 | ഓഫീസ് ഓട്ടോമേഷനും | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| | ഐടി ഇൻഫ്രാസ്ട്രക്ചറും | | | |
| 12 | കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ | 0.48275 | 0.48275 | 9 |
| 13 | കാർഷിക വിവരവും വിനിമയവും | 0 | 0 | 0 |
| 14 | മാനവശേഷി വികസനം | 0 | 0 | 0 |
| 15 | കാർഷിക യന്ത്രവൽക്കരണത്തിനുള്ള പിന്തുണ | 0 | 0 | 0 |
| 16 | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി | 4.1985 | 4.1985 | 203 |
| 17 | കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള പിന്തുണ | 0.3 | 0.3 | 1 |
| 18 | വിപണി വികസനം | 6.0729 | 6.0729 | 8579 |
| 19 | ആത്മ | 8.73471 | 8.73471 | 438 |
| 20 | പയർ /കിഴങ്ങ് വർഗങ്ങളുടെ വികസനം | 0 | 0 | 0 |
| 21 | അഗ്രോ സർവീസ് ആൻഡ് സർവീസ് ഡെലിവറി | 0.30523 | 0.30523 | 2 |
| 22 | ആർ കെ വി വൈ | 1.59375 | 1.59375 | 47 |
| 23 | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ | 2.88825 | 2.88825 | 94 |
| 24 | ഫാം പ്ലാൻ | 3.45114 | 3.45114 | 76 |
| 25 | ബി പി കെ പി | 5.524 | 5.524 | 393 |
| 26 | ഡിജിറ്റൽ ക്രോപ്പ് സർവ്വേ | 21.03638 | 21.03638 | 325 |

2. ജനകീയാസൂത്രണ പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | കേദാരം സമഗ്ര നെൽകൃഷി വികസനം | 2.09904 | 0.81654 | 99 |
| 2 | നിറവ് ജൈവ പച്ചക്കറി കൃഷി (വനിതകൾക്ക്) | 16.08514 | 11.17314 | 1137 |
| 3 | വാഴ കൃഷിക്ക് സ്ഥിരം സബ്സിഡി | 12.8208 | 6.8208 | 612 |
| 4 | മരിച്ചീനി കൃഷിക്ക് സബ്സിഡി | 1.4968 | 1.4968 | 261 |
| 5 | ജീവനി വില ആരോഗ്യ കേന്ദ്രം വഴി മരുന്ന് വാങ്ങൽ | 1.02633 | 1.02633 | 210 |
| 6 | അടുക്കളത്തോട്ടം ടെറസിലും മുറ്റത്തും | 4.8625 | 4.8625 | 314 |
| 7 | പൂവനി | 0.48 | 0.48 | 125 |

സെക്ഷൻ ഓഫീസർ